LIBRARY ARCHIVES Kerala Legislative Assembly

## യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം

302(608) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി കാർഷിക ക്ലബ്ബ്, യുവതീക്ഷേമം മുൻനിർത്തി യുവതീ ക്ലബ്ബുകൾ, ട്രാൻസ്ജെൻഡർ ക്ലബ്ബ്, യുവാ ക്ലബ്ബ് എന്നിവ യുവജനക്ഷേമ ബോർഡ് ആസൂത്രണം ചെയ്ത് നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ആയവ ഉൾപ്പെടുത്തി ടി ക്ലബ്ബുകൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ഉപയോഗം, റാഗിംഗ്-സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവ തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി യൂത്ത് ഡിഫെൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ പരിപാടികൾ, റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ എന്നിവ കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പാക്കി വരുന്നു.

(ബി) ദുരന്ത നിവാരണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്ക് രൂപീകരിച്ചിട്ടുള്ള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് വിപുലീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുള്ള കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിൽ നിന്നും ഒരു വോളന്റിയർ, കോർപ്പറേഷനിലെ ഒരു ഡിവിഷനിൽ നിന്നും 3 വോളന്റിയർമാർ എന്നിങ്ങനെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്കൂടാതെ ഒരു കോർപ്പറേഷനിൽ നിന്നും 10 വനിതാ വോളന്റിയർമാരെയും പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ നിന്ന് 5 വനിതാ വോളന്റിയർമാരെയും തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നു. കൂടാതെ സംസ്ഥാനാടിസ്ഥാനത്തിൽ രാജ്യാന്തര നിലവാരത്തിൽ മികച്ച പരിശീലനം നടത്തി 25 പേരടങ്ങുന്ന ഒരു ടീമിനെ സജ്ജമാക്കുകയും ഇവർക്ക് ഫസ്റ്റ് എയ്ഡ്, ഡിസാസ്റ്റർ മാനേജ്മെന്റ്, ഫയർ & സേഫ്റ്റി, ശാരീരികക്ഷമതാ പരിശീലനം തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്താകമാനം 15000 ത്തോളം യുവജനങ്ങൾക്ക് ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. കേരള സംസ്ഥാന യുവജന കമ്മീഷൻ സന്നദ്ധം പോർട്ടൽ വഴി യൂത്ത് ഡിഫൻസ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ കോളേജ്/കോളനി തലങ്ങളിൽ സംഘടിപ്പിക്കുന്ന യുവജനങ്ങൾക്കുള്ള വിവിധ ബോധവൽക്കരണ പരിപാടികളിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും കമ്മീഷന്റെ മറ്റ് പദ്ധതി പ്രവർത്തനങ്ങളിലും യൂത്ത് ഡിഫൻസ് ഫോഴ്സ് സജീവമായി പ്രവർത്തിച്ചു വരുന്നു.

**സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനതയെ വാർത്തെടുക്കുവാൻ പദ്ധതി**

303(609) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് യുവജനക്ഷേമ ബോർഡ് 'കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്' എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തിര സാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്ററി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള